The Heavenly Light Ministry

ഗീതം ഗീതം ജയ ജയ ഗീതം പാടുവിൻ സോദരരേ
നമ്മൾ യേശുനാഥൻ ജീവിക്കുന്നതിനാൽ
ജയഗീതം പാടുവിൻ

പാപശാപം സകലവും തീർക്കാൻ
അവതരിച്ചിഹെ നരനായ്
ദൈവകോപത്തീയിൽ വെന്തെരിഞ്ഞവനായ്
രക്ഷകൻ ജീവിക്കുന്നു ... ഗീതം

ഉലകമഹാന്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ നമ്മൾ
ഉന്നതൻ യേശുമഹേശ്വരൻ മാത്രം
ഉയരത്തിൽ വാണിടുന്നു ഗീതം

കലുഷതയകററി കണ്ണുനീർ തുടക്കാൻ
ഉത്സുകരായിരിപ്പിൻ നമ്മൾ
ആത്മനാഥൻ ജീവിക്കവേ ഇനി
അലസത ശരിയാമോ ? ... ഗീതം

വാതിൽകളെ നിങ്ങൾ തലകളെ ഉയർത്തിൻ
വരുന്നിതാ ജയരാജൻ നിങ്ങൾ
ഉയർന്നിരിപ്പിൻ കതകുകളെ ശ്രീയേശുവേ
സ്വീകരിപ്പിൻ ഗീതം